പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7645 — 15.07.2014 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, ആർ. സെൽവരാജ്<br>,, കെ. മുരളീധരൻ<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(എ) സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന ലഹരിവിമുക്ത ചികിത്സാ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കെ.എസ്.ബി.സി -യുടെ വരുമാനത്തിൽ നിന്നും 3.5 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി ഈ തുകയിൽ നിന്നും മൊത്തം 1,00,35,840/- രൂപ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന 11 ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കെ.എസ്.ബി.സി വഴിയുള്ള മദ്യവിൽപ്പനയിൽ 0.3% സെസ് ഏർപ്പെടുത്തുന്നതിനും ടി തുക ഉപയോഗിച്ച് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) ഇതിനുവേണ്ടി കോർപ്പറേഷൻ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) കോർപ്പറേഷന്റെ സാമൂഹ്യ സുരക്ഷാ പദ്ധതി (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) യുടെ ഭാഗമായി ലഹരി മോചന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 3.50 കോടി രൂപ കോർപ്പറേഷൻ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും നാളിതുവരെ 1,00,35,840/- രൂപ (ഒരു കോടി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ) പതിനൊന്ന് ലഹരി മോചന കേന്ദ്രങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ലഹരി ഉപഭോഗംമൂലം രോഗികളായവർക്കുമുള്ള ചികിത്സയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ വിഭാവന ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) ലഹരി വിമുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ലഹരി വിമുക്ത ചികിത്സാ ക്യാമ്പ്/ചികിത്സ നടത്തുന്നതിന് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ഡി) ധനസഹായത്തിനർഹമായ സ്ഥാപനങ്ങളെ പരിശോധനകൾ നടത്തി കണ്ടെത്തുന്നതിനായി സംസ്ഥാനതല സമിതിയും, ജില്ലാതല സമിതികളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാകളക്ടർ ചെയർമാനായും, ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ അംഗവുമായാണ് ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുള്ളത്. എക്സൈസ് കമ്മീഷണർ |

ചെയർമാനായും, കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി ഡയറക്ടർ, ഒരു സാമൂഹ്യ പ്രവർത്തക എന്നിവർ അംഗമായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. 23.08.2013 -ലെ ജി.ഒ (എം.എസ്) നം. 147/2013/ നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായത്തിനർഹമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായുള്ള മാർഗ്ഗരേഖയ്ക്കും സർക്കാർ തലത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകൾ ടി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക്ശേഷം ശുപാർശ ചെയ്ത 11 സ്ഥാപനങ്ങൾക്ക് 09.06.14 തീയതിയിലെ ജി.ഒ (എം.എസ്) നം. 86/2014/നി.വ ഉത്തരവ് പ്രകാരം 1,00,35,840/- രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ആദ്യതവണയായി 40,14,336/- രൂപ ഈ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ തുക വിനിയോഗം, പുരോഗതി എന്നിവ സംബന്ധിച്ച വിശകലനങ്ങൾ യഥാസമയം എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്